## പതിമൂന്നാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.3805

17.12.2015-ൽ മറുപടിയ്ക്ക്

### ഫിലിം ആർക്കേവ്സ്

| **ചോദ്യം** | **ഉത്തരം** |
|---|---|
| ശ്രീ കെ.ബി.ഗണേഷ് കുമാർ | തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്ട്സും സിനിമയും വകുപ്പ് മന്ത്രി) |
| (എ) കേരളാ ചലച്ചിത്ര അക്കാദമിയുടെ നിയന്ത്രണത്തിൽ ഫിലിം ആർക്കേവ്സ് ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഇതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; ഇതിനായി എത്ര തുക വകയിരുത്തിയിട്ടുണ്ടെന്നും എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്നും വ്യക്തമാക്കാമോ; | (എ) കേരള ചലച്ചിത്ര അക്കാദമിയുടെ നിയന്ത്രണത്തിൽ ഫിലിം ആർക്കേവ്സ് ആരംഭിക്കുവാനുള്ള അക്കാദമിയുടെ ശുപാർശ സർക്കാരിൽ പരിശോധിച്ച് വരുന്നു. ഇതിനായി ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടില്ല. |
| (ബി) സിനിമാ ആർക്കേവ്സിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടിക്രമങ്ങൾ എന്തൊക്കെയാണ്; ഇതിനായി ഏതെങ്കിലും വ്യക്തിയേയോ ഏജൻസിയേയോ ചുമതലപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ ആരെയൊക്കെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്; വ്യക്തമാക്കാമോ; | (ബി) കേരള സ്റ്റേറ്റ് ഫിലിം ഡെവലപ്പ്മെന്റ് കോർപ്പറേഷന്റെ കീഴിൽ ചിത്രാഞ്ജലി സ്റ്റുഡിയോയിൽ നിർമ്മിക്കാനുദ്ദേശിക്കുന്ന ഫിലിം ആർക്കേവ്സിൽ കേടാകാത്തതും പൂർണ്ണമായതും ലഭ്യമായതുമായ കോടതി വ്യവഹാരങ്ങളിൽ ഉൾപ്പെടാത്ത എല്ലാ മലയാള സിനിമകളുടെയും നെഗറ്റീവുകൾ ഫിലിം വാൾട്ടിൽ ഉൾപ്പെടുത്തി സംരക്ഷിക്കുന്നതാണ് . |
| (സി) നാളിതുവരെ നിർമ്മാണത്തിന്റെ രേഖകളോടെ എത്ര സിനിമകൾ ശേഖരിച്ചിട്ടുണ്ട്; പ്രസ്തുത സിനിമകളുടെ ലിസ്റ്റ് ലഭ്യമാക്കാമോ; | (സി) ശേഖരിച്ചിട്ടില്ല. |
| (ഡി) കേരളത്തിൽ ഏതൊക്കെ സ്ഥലങ്ങളിലാണ് ആർക്കേവ്സ് ആരംഭിക്കുന്നതെന്നും എന്തൊക്കെ സൗകര്യങ്ങളാണ് ലഭ്യമാക്കുവാൻ ഉദ്ദേശിക്കുന്നതെന്നും വ്യക്തമാക്കാമോ? | (ഡി) കെ.എസ്.എഫ്.ഡി.സി. യുടെ മേൽനോട്ടത്തിൽ പഴയ മലയാള സിനിമകൾ ശാസ്ത്രീയമായി സംരക്ഷിക്കുന്നതിനും ഡിജിറ്റലൈസ് ചെയ്യുന്നതിനുമായി തിരുവല്ലത്തുള്ള ചിത്രാഞ്ജലി സ്റ്റുഡിയോയിൽ താൽക്കാലിക സൗകര്യം ഒരുക്കിക്കൊണ്ടിരിക്കുന്നു. |

സെക്ഷൻ ഓഫീസർ